2017 ഡിസംബർ 13

<u>പത്രക്കുറിപ്പ് 2</u>

# സിനിമ ശരീരത്തിനെയും മനസ്സിനേയും ഒന്നിപ്പിക്കുന്നു: അനൂപ് സിംഗ്

മനസ്സിനേയും ശരീരത്തെയും ഒന്നിപ്പിക്കുന്ന കലാരൂപമാണ് സിനിമയെന്ന് സംവിധായകൻ അനൂപ്സിംഗ്. മേളയോടനുബന്ധിച്ച് നിളയിൽ നടന്ന ഇൻ കോൺവർസേഷനിൽ സംവിധായകൻ കെ.എം. കമലുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ശരീരത്തേയും മനസ്സിനേയും വേർതിരിച്ച് കാണാനാണ് സിനിമ ഒഴികെയുള്ള മറ്റ് കലാരൂപങ്ങളും സർവകലാശാലകളും മനുഷ്യനെ പഠിപ്പിക്കുന്നത്. അതുവഴി മനുഷ്യനെ ഒരു പ്രത്യേക സാമൂഹിക ഘടനയുടെ അടിമയാക്കുന്നു. അധികാരം നമ്മുടെ മനസ്സിനെ സ്വാധീനിച്ച് ശരീരത്തെ നിയന്ത്രിക്കുന്നു. ജീവിതത്തിന്റെ താളം പ്രതിഫലിപ്പിക്കുന്ന കലാരൂപമാണ് സിനിമ. സമയത്തെപ്പറ്റിയുള്ള മനുഷ്യന്റെ അവബോധത്തെ സിനിമ തിരുത്തിക്കുറിക്കുന്നു.

കഥാപാത്രങ്ങൾക്ക് അപ്പുറമുള്ള ഒരു ലോകമാണ് സിനിമ പ്രതിനിധാനം ചെയ്യുന്നത്. സിനിമയിലെ സാമ്പ്രദായിക ആഖ്യാനങ്ങൾ അതിന്റെ അന്തസത്ത നഷ്ടപ്പെടുത്തുന്നു. സത്യത്തിന്റെ വ്യത്യസ്ത മുഖങ്ങൾ അനാവരണം ചെയ്യാൻ ഇവയ്ക്ക് കഴിയുന്നില്ല. ഇത്തരം ഫോർമുലകളിൽ നിന്ന് പുറത്ത് കടക്കാനാണ് തന്റെ സിനിമയ്ക്ക് നാടോടി കലാരൂപത്തിന്റെ ശൈലി ഉപയോഗിച്ചത്. വിവിധ ആഖ്യാനതലത്തിൽ പടരുന്ന ശൈലിയാണ് നാടോടി കലാരൂപങ്ങൾക്കുള്ളത്. ഇതു മനുഷ്യന്റെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നു. സംവിധാനം ചെയ്ത സിനിമകളിലെല്ലാം ഹിംസയെ തന്റെ കാഴ്ചപ്പാടിലൂടെ നോക്കികാണുവാൻ ശ്രമിക്കുകയായിരുന്നുവെന്നും അനൂപ് സിംഗ് പറഞ്ഞു.

# ലോകകേരള സഭാ സെൽഫി സ്പോട്ട്

ലോകത്താകമാനമുള്ള പ്രവാസി മലയാളികളുടെ കൂട്ടായ്മയ്ക്കായി സർക്കാർ ഒരുക്കുന്ന ലോക കേരള സഭയുടെ ലഘു മാതൃക ചലച്ചിത്രോത്സവ വേദിയിൽ. പ്രവാസിപ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള സ്ഥിരം വേദിയെന്ന നിലയിൽ ഇന്ത്യയിൽ ആദ്യമായി രൂപീകരിക്കപ്പെടുന്ന ലോക കേരള സഭയുടെ മാതൃക ടാഗോർ തിയേറ്ററിൽ സെൽഫി സ്പോട്ടായാണ് ഒരുക്കിയിരിക്കുന്നത്.
മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മുൻമുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ, മമ്മൂട്ടി, മോഹൻലാൽ, മട്ടന്നൂർ ശങ്കരൻകുട്ടി, തുടങ്ങി കേരളത്തിന്റെ യശസ്സുയർത്തിയ മലയാളികളുടെ ഫോട്ടോ ആലേഖനം ചെയ്ത ലോക കേരള സഭയുടെ ലോഗോയുടെ മാതൃകയാണ് തയ്യാറാക്കിയിരിക്കുന്നത്. ചലച്ചിത്രാസ്വാദകരും മേളയ്ക്കെത്തുന്നവരുടേയും ഈ ഇഷ്ട സെൽഫി സ്പോട്ടിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.


Mob : 8547976353, 9544917693
email:mediacell@iffk.in

# പി.കെ. നായർ കൊളോക്കിയം ഇന്ന്

ട്രെഡിഷൻ ഓഫ് ഡിസന്റ് എന്ന വിഷയത്തിൽ പി.കെ. നായർ കൊളോക്കിയം ഇന്ന് ഹോട്ടൽ ഹൈസിന്തിൽ നടക്കും. രാവിലെ 11 ന് നടക്കുന്ന ചർച്ചയിൽ മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ എൻ.എസ് മാധവൻ, നടൻ അലൻസിയർ, സദാനന്ദ് മേനോൻ, വിപിൻ വിജയ് എന്നിവർ പങ്കെടുക്കും.